# ഗവ:പ്രൈമറി സ്കൂൾ

# ചിത്രഗിരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ: പ്രൈമറി സ്കൂൾ, ചിത്രഗിരി |
| സബ് ജില്ല | വൈത്തിരി |
| ജില്ല | വയനാട് |
| വില്ലേജ് | മുപ്പൈനാട് |
| താലൂക്ക് | വൈത്തിരി |
| സർവ്വേ നമ്പർ | 1110/5(old),111/6,111/7(New) |
| സ്കൂൾ ആരംഭിച്ച വർഷവും ഉത്തരവു നമ്പരും | 04.06.1963, GO(MS)123/63 S.Edn dtd 28.02.1963. |
| സ്ഥിരമായ അംഗീകാരം ലഭിച്ച ഉത്തരവ് | C4. 25887/69 dtd 10.12.69 of the DEO Kozhikode. |
| സ്ഥാപനത്തിന് സ്വന്തമായുള്ള ഭൂമിയുടെ അളവ് | 1 ഏക്കർ 52 സെന്റ് |
| സ്ഥാപനം ഗവൺമെന്റ് ഏററെടുത്ത വർഷവും ഉത്തരവുനമ്പരും | 2010. ൽ സർക്കാർ ഏറെറടുത്തു. GO(MS) No:02/2010 G.Edn. dtd 02.01.2010 |

# പൊതു ലക്ഷ്യങ്ങൾ

- അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ മികവ് നേടുക
- ഒന്നു മുതൽ 4 വരെയുള്ള കുട്ടികൾക്ക് അക്ഷരങ്ങൾ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ കമ്പ്യൂട്ടർ സാക്ഷരത എന്നിവ ഉറപ്പ് വരുത്തുക.
- കുട്ടികളുടെ പാഠ്യേതര കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക.
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂളിടങ്ങൾ പ്രായോഗികമാക്കുക. ( വിശ്രമ സ്ഥലങ്ങൾ ആകർഷകവും ശിശു സൗഹൃദവുമാക്കൽ)
- ഇരിപ്പിടങ്ങൾ കളിയിടങ്ങളാക്കൽ
- ടാലന്റ് ലാബ് പ്രാവർത്തീകമാക്കുക.
- കുട്ടികളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് കലാകായിക സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തീകമാക്കുക.
- കുട്ടികളുടെ ശാരീരിക (പോഷകാഹാരം) മാനസീക ( കൗൺസലിംങ്) വികസനത്തിനുള്ള ഉപാധികൾ കണ്ടെത്തി ചെയ്യുക.
- എല്ലാ ക്ലാസ്സ് റൂമുകളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കുക.
- സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.
- വാഹന സൗകര്യം ഉറപ്പാക്കുക.
- കമ്പ്യൂട്ടർ ലാബ് വിപുലീകരിക്കുക.
- സ്കൂൾ ലൈബ്രറി നവീകരിക്കുക.
- മത്സര പരീക്ഷകളിൽ ഉന്നത വിജയം.

# പരിമിതികൾ

- ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കുള്ള കുട്ടിയുടെ ഒഴുക്ക്
- ഗോത്ര വിഭാഗം കുട്ടികളുടെ പഠനസൗകര്യ ലഭ്യതക്കുറവ്.
- അപ്പർ പ്രൈമറിയുടെ അഭാവം.
- കലാകായിക അധ്യാപകരുടെ അഭാവം.
- പ്യൂൺ, ക്ലർക്ക് എന്നിവരുടെ അഭാവം.
- 1 മുതൽ 4 വരെയുള്ള കുട്ടികളിൽ ആർജ്ജിക്കേണ്ട ശേഷികൾ കൈവരിക്കാൻ കഴിയാതെ വരുന്നു.
- I.C.T ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾക്ക് നേരിടുന്ന പ്രയാസങ്ങൾ
- ആവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം.
- ഭൗതിക സാഹചര്യങ്ങളുടെ അഭാവം (ബെഞ്ച്, ഡസ്ക്)
- വീടുകളിൽ കുട്ടികൾക്ക് പഠനസൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
- കുട്ടികളുടെ പഠനകാര്യങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധയില്ലായ്മ
- ഗോത്ര വിഭാഗം കുട്ടികളിലുള്ള പഠന താൽപര്യക്കുറവ്, മടി
- അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്.
- ഗതാഗത സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
- പഠന പാഠ്യേതര പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള സമയക്കുറവ്.
- ഭിന്ന നിലവാരക്കാരായ കുട്ടികൾക്കുള്ള അധ്യാപനം.

## മേഖല

### ഭാഷ

## ആമുഖം

വിദ്യാർത്ഥികളെ അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ നേടാൻ സജ്ജരാക്കുകയും സർഗ്ഗാത്മക രചനയിൽ ഏർപ്പെടാൻ പ്രാപ്തനാക്കുകയും ചെയ്യുക.

## ലക്ഷ്യങ്ങൾ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
- ആശയങ്ങളെ പദങ്ങളും വാക്യങ്ങളുമായി എഴുതി പ്രകടിപ്പിക്കൽ
- പദങ്ങൾ ചേർത്ത് വാക്യങ്ങൾ വായിപ്പിക്കൽ
- അക്ഷരതെറ്റ് ഒഴിവാക്കി ചിഹ്നങ്ങൾ വേണ്ടവിധം ഉപയോഗിക്കൽ
- ലേഖനത്തിലും വായനയിലും ഉള്ള പ്രശ്നങ്ങൾ പരിഹരിക്കൽ
- ലേഖനത്തിൽ സംസാര ഭാഷയുടെ പ്രയോഗം കുറക്കൽ
- ആശയ വ്യക്തതയോടെ രചനകളിൽ ഏർപ്പെടൽ(സർഗ്ഗാത്മക പ്രവർത്തനങ്ങൾ)
- മത്സരപരീക്ഷകളിൽ കുട്ടികളെ പ്രാപ്തരാക്കുക

## പ്രവർത്തനങ്ങൾ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
- ചിത്ര വായന
- എഴുത്തുപുര
- മലയാളത്തിളക്കം
- ക്ലാസ്സ് വായനാക്കൂട്ടം
- ക്ലാസ്സ് ലൈബ്രറി
- പൊതുവേദിയിലെ പരിചയപ്പെടുത്തൽ
- ഹോപ്സ്

## ഉപമേഖല :-

### അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

## ആമുഖം

ഫലപ്രദമായ ആശയവിനിമയത്തിന് ഉതകുന്നതിനായി എഴുത്തിലും വായനയിലും കുട്ടിയെ മികച്ചതാക്കാനായി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറക്കേണ്ടതുണ്ട്. ഇതിനായുള്ള രചനാ തന്ത്രങ്ങളും വായനാ രീതികളും കുട്ടിയെ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുകയാണ് ഇതിലൂടെ.

## ലക്ഷ്യം

ആശയങ്ങൾ, വസ്തുതകൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തനാക്കുക

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. അക്ഷരകാർഡ് നൽകൽ<br>2. അക്ഷര കുടുക്കയിൽ ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ നൽകി വാക്കുകൾ ഉണ്ടാക്കൽ<br>3. പദകാർഡ് നിർമ്മിക്കൽ<br>4. വിട്ടുപോയ അക്ഷരം കണ്ടെത്തി എഴുതൽ<br>5. ചിത്രങ്ങൾ നൽകി പേരെഴുതിക്കൽ | ക്ലാസ്സ് അധ്യാപകർ | അക്ഷരകാർഡ്: 500<br>ചിത്രങ്ങൾ : 200<br>പേപ്പർ, ചാർട്ട് മാർക്കർ<br>അക്ഷരക്കുടുക്ക : 300 | 1 വർഷം | ഹെഡ്മിസ്ട്രസ് |

## ഉപമേഖല

### ചിത്രവായന

## ആമുഖം

ചിത്രങ്ങളിലെ ആശയങ്ങൾ മനസ്സിലാക്കി അടിക്കുറിപ്പുകൾ നൽകുന്നതിനും കഥയും കവിതയുമാക്കി സ്വന്തം ആശയത്തിലേക്ക് മാറ്റുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

## ലക്ഷ്യം

ചിത്രങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും അവയെകുറിച്ച് പറയാനും എഴുതാനുമുള്ള കഴിവ് ആർജ്ജിക്കൽ

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ചിത്രങ്ങൾ നൽകി അടിക്കുറിപ്പുകൾ തയ്യാറാക്കൽ<br>2. ചിത്രങ്ങൾ നൽകി ലഘുവാക്യങ്ങൾ എഴുതൽ<br>3. കഥ, കവിത, വിവരണം എന്നിവയുടെ പൂർത്തീകരണം<br>4. ചിത്രം നൽകി വിശദീകരണം നൽകൽ | ക്ലാസ്സ് അധ്യാപകർ | ചിത്രങ്ങൾ: 200 | 1 വർഷം | ഹെഡ്മിസ്ട്രസ്<br>PTA |

## ഉപമേഖല

### എഴുത്തു പുര

### ആമുഖം

സർഗ്ഗാത്മക രചനയിലേക്കുള്ള വഴിവിളക്കാണ് എഴുത്തുപുരകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികൾ അവരുടെ ആശയങ്ങൾ അവർക്കറിയാവുന്ന ഭാഷാ വസ്തുതകളും സാധ്യതകളും ഉപയോഗിച്ച് സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നു.

### ലക്ഷ്യം

ആശയങ്ങളെ സ്വതന്ത്രമായി എഴുത്തിലൂടെ ആവിഷ്കരിക്കാനുള്ള അവസരമൊരുക്കുകയാണ് എഴുത്തു പുരയിലൂടെ ചെയ്യുന്നത്.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. വായന കാർഡ് തയ്യാറാക്കൽ<br>2. ചിത്ര വിവരണം<br>3. കഥാ പൂരണം, കവിതാ പൂരണം തുടങ്ങിയവക്കുള്ള കഥ, കവിത എന്നിവ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നു. പിന്നീട് ലഘു വിവരണങ്ങൾ തയ്യാറാക്കാൻ പ്രേരിപ്പിക്കുന്നു.<br>4. രചനാ മത്സരങ്ങൾ വിഷയാടിസ്ഥാനത്തിൽ നടത്തുന്നു. | ക്ലാസ്സ് അധ്യാപകർ | പ്രവർത്തന സാമഗ്രികൾ : 1000 | 1 വർഷം | ഹെഡ്മിസ്ട്രസ്<br>PTA |

## മേഖല

### ഗണിതം

ആമുഖം

പ്രപഞ്ചത്തിന്റെ സൂക്ഷമതലം മുതൽ സ്ഥൂല തലം വരെ ഗണിതാശയങ്ങളിൽ ഇഴ ചേർന്ന്കിടക്കുന്നു. ജീവന്റെ ഉൽപത്തി മുതൽ നാനോ ചിപ്പുകളുടെ ഉത്പാദനത്തിന് വരെ ഗണിതം ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. ചതുഷ്ക്രിയകൾ,തൂക്കം ,ഭാരം, അളവ്,സമയം ചുറ്റളവ് തുടങ്ങിയവ ഗണിതാശയങ്ങൾ ജീവിതത്തിന്റെ സമസ്ഥമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഈ ഗണിതശേഷികൾ ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് പ്രൈമറി ക്ലാസുമുതൽ തന്നെ ശ്രദ്ധ നൽകേണ്ടതാണ്.

ലക്ഷ്യങ്ങൾ

- അടിസ്ഥാനശേഷികളുടെ ധാരണ കുറവ് പരിഹരിക്കൽ.
- ഗണിതം പ്രയാസകരമാണെന്ന ധാരണ.
- നിത്യജീവിതത്തിൽ ഗണിതാശയങ്ങൾ പ്രയോഗിക്കാനുള്ള സാഹചര്യം ഒരുക്കൽ.
- ഗണിത ലാബിന്റെ അഭാവം.
- I.C T.ഉപയോഗിച്ചുള്ള ഗണിത പഠനത്തിന്റെ പരിമിതി.
- ഗണിത താൽപര്യം വളർത്തൽ.
- രക്ഷിതാക്കൾക്ക് മാർക്കിൽ മാത്രം കേന്ദ്രീകരിച്ചുള്ള കാഴ്ചപ്പാട്.
- ഗണിത ക്ലബ്ബ് രൂപീകരിക്കൽ.
- ഗണിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി തയ്യാറക്കൽ.

പ്രവർത്തനം

- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
- ഗണിതം മധുരം.
- ക്യാമ്പ്

- ഗണിത ലാബ് ഒരുക്കൽ.
- I.C. T യുടെ ഉപയോഗം.
- ഗണിതച്ചെപ്പ്.
- ബോധവൽക്കരണ ക്ലാസ്.
- ഗണിത ക്ലബ്ബ്.
- ഡോക്യുമെന്ററി .

## ഉപമേഖല

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.

## ആമുഖം

ചതുഷ്ക്രിയകൾ നിത്യജീവിതവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസിലാക്കുന്നതിന്.

## ലക്ഷ്യം

നിത്യജീവിതത്തിൽ ചതുഷ്ക്രിയകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഉചിതമായി പ്രയോഗിക്കൽ.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധലകാര്യ വിശ കലനം | കാലയളവ് | മോണിറ്ററിംങ് |
|---|---|---|---|---|
| 1. പ്രീ ടെസ്റ്റ്<br>2. .മൂല്യനിർണ്ണയം<br>3. റിസൾട്ട് തയ്യാറാക്കൽ<br>4. SRG യിൽ അവതരണം<br>5. കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>6. ചതുഷ്ക്രിയകളുടെ ധാരണകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രൂപ്പായും , വ്യക്തികതമായും നൽകുന്നു(സംഖ്യാറിബൺ, സംഖ്യാ ഏണി, സംഖ്യാ കാർഡ്).<br>7. വർക്ക് ഷീറ്റുകൾ നൽകുന്നു<br>8. രക്ഷിതാക്കൾക്ക് ക്ലാസ്സ് നൽകുന്നു | ക്ലാസ് ടീച്ചർ | ചാർട്ട് -100<br>സ്കെച്ച് -50<br>പശ -50 | 1 വർഷം | ക്ലാസ് ടീച്ചർ<br>ഹെഡ്മിസ്ട്രസ് |

## ഉപമേഖല

ഗണിതം ലാബ് ഒരുക്കൽ.

## ആമുഖം

ഗണിതാഭിമുഖ്യം , ഗണിതസർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിനും ഗണിതലാബ് സഹായിക്കുന്നു.കുട്ടികളുടെ പഠന പ്രവർത്തനം ലളിതമാക്കി ഗണിതം മധുരമാക്കുവാൻ ലാബുകൾ സഹായിക്കുന്നു.

## ലക്ഷ്യം

ഗണിത പഠനം എളുപ്പമാക്കാൻ.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംങ് |
|---|---|---|---|---|
| • സ്കൂൾ തല ആസൂത്രണം<br>• ലാബിലേക്കുവേണ്ട വസ്തുക്കൾ ഒരുക്കൽ.(റഫറൻസ് പുസ്തകങ്ങൾ)<br>• മെട്രിക്ക് ഉപകരണങ്ങൾ<br>• ജ്യാമിതീയ ഉപകരണങ്ങൾ<br>• അബാക്കസ് | ക്ലാസ് ടീച്ചർ | ലാബിലേക്ക് ആവശ്യമായത്- 3000 | 1 വർഷം | ക്ലാസ് ടീച്ചർ ഹെഡ്മിസ്ട്രസ് |

## ഉപമേഖല

I.C.T.യുടെ ഉപയോഗം

## ആമുഖം

കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കുന്നതിനും ആസ്വദിക്കുന്നതിനും

## ലക്ഷ്യം

ഗണിത പഠനം രസകരമാക്കുന്നതിന്.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംങ് |
|---|---|---|---|---|
| ▪ I.C.T ഉപയോഗപ്പെടുത്താനുള്ള പാഠഭാഗങ്ങളുടെ സ്കൂൾതല ആസൂത്രണം.<br>▪ പ്രാദേശിക ക്ലബ്ബുകളെയും പൂർവ്വ വിദ്യാർത്ഥികളെയും ആശ്രയിക്കുക. | ക്ലാസ് ടീച്ചർ | ആവശ്യമായ കമ്പ്യൂട്ടർ -25000 | 1 വർഷം | ക്ലാസ് ടീച്ചർ ഹെഡ്മിസ്ട്രസ് |

## മേഖല : ഇംഗ്ലീഷ്

### ആമുഖം

ഇംഗ്ലീഷ് ഭാഷ എന്നത് ഒരു ലോക ഭാഷയായി മാറിയിരിക്കുന്നു. ലോകമെമ്പാടും ആശയവിനിമയത്തിനും അറിവ് സമ്പാദിക്കുന്നതിനും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നു. ഭാഷയ്ക്ക് അതിന്റേതായ നിയമങ്ങളും സമ്പ്രദായങ്ങളുമുണ്ട്. ഈ നിയമങ്ങളും സമ്പ്രദായങ്ങളും ഉപയോഗിച്ച് ഭാഷ അതിവേഗം വളരുന്നു. അത്തരത്തിലൊരു വളർച്ചയുടെ പാതയിലാണ് ഇംഗ്ലീഷ് ഭാഷയും അതുകൊണ്ട് ഇംഗ്ലീഷിനെ നമുക്ക് ഒഴിവാക്കാൻ സാധിക്കാത്ത ഒന്നായി മാറ്റിയിരിക്കുന്നു. നമ്മൾ മാതൃഭാഷയെ എങ്ങനെ സ്നേഹിക്കുന്നുവോ അതുപോലെ ഇംഗ്ലീഷ് ഭാഷയേയും സ്നേഹിക്കുവാനും പഠിക്കുവാനും ശ്രമിക്കേണ്ടതാണ്.

### ലക്ഷ്യം

- അക്ഷരങ്ങൾ ഉറപ്പിക്കൽ
- ആശയ ഗ്രഹണത്തോടുള്ള വായന
- പദസമ്പത്ത് വികസിപ്പിക്കൽ
- തെറ്റുകൂടാതെയുള്ള വാക്യരചന
- പദങ്ങൾ വാക്യങ്ങളായി രൂപീകരിക്കൽ
- ഇംഗ്ലീഷിനോടുള്ള താത്പര്യം വളർത്തൽ
- സംസാര നൈപുണി വളർത്തൽ

## പ്രവർത്തനങ്ങൾ

- അക്ഷരക്കളരി
- വായിച്ച് വളരുക
- Building of Vocabulary
- നാരായം
- എഴുത്തുപുര
- Honey English
- I can
- Easy Speak

## ഉപമേഖല

### അക്ഷരക്കളരി

### ലക്ഷ്യം

- അക്ഷരങ്ങളിലൂടെ പദങ്ങളിലേക്ക് എത്തിച്ചേരുക
- അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന്

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. അക്ഷരക്കാർഡുകളുടെ വായന<br>2. വിട്ടുപോയ അക്ഷരങ്ങൾ കണ്ടെത്തൽ<br>3. അക്ഷരങ്ങൾ പേപ്പറിൽ എഴുതി വെട്ടിഒട്ടിക്കൽ<br>4. അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ<br>5. പദപ്രശ്നം പൂരിപ്പിക്കൽ<br>6. ICT ഉപയോഗിച്ച് അക്ഷരങ്ങൾ പരിചയപ്പെടുത്തൽ | ക്ലാസ്സ് ടീച്ചർ | | 6 മാസം | ഹെഡ്മിസ്ട്രസ്സ് |

## ഉപമേഖല : വായിച്ച് വളരുക

### ലക്ഷ്യം

ആശയവ്യക്തതയോടെ വായിച്ച് ആശയഗ്രഹണം നടത്തുവാനും അവ സ്വന്തം വാക്യങ്ങളിൽ അവതരിപ്പിക്കാനും

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ക്ലാസ്സ് ലൈബ്രറി ഉപയോഗിക്കൽ<br>2. റീഡിംഗ് കാർഡ് തയ്യാറാക്കൽ<br>3. ചെറുകഥകൾ വായിച്ച് ക്ലാസ്സിൽ അവതരണം<br>4. കുട്ടിക്കവിതകൾ വായിച്ച് ക്ലാസ്സിൽ പങ്കുവെക്കൽ<br>5. ഇംഗ്ലീഷ് ന്യൂസ് പേപ്പർ വായന<br>6. വായിച്ച കഥകൾ സ്വന്തം വാക്യത്തിൽ അവതരിപ്പിക്കൽ<br>7. കഥ പൂർത്തീയാക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG | കഥബുക്ക്<br>കവിതകൾ<br>ഇംഗ്ലീഷ് പത്രം : 500 | 1 വർഷം | ഹെഡ്മിസ്ട്രസ്സ്<br>SRG |

ഉപമേഖല

## Building of Vocabulary

ലക്ഷ്യം

പദക്കൂട്ടങ്ങൾ ഉറപ്പാക്കി പദങ്ങളെ വാക്യങ്ങളാക്കി രൂപപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ Dictionary യുടെ ഉപയോഗം<br>2. Picture Dictionary നിർമ്മിക്കൽ<br>3. Word Web നിർമ്മാണം<br>4. പാഠഭാഗത്തുള്ള പദങ്ങൾ കണ്ടെത്തി പദ കാർഡ് നിർമ്മാണം | ക്ലാസ്സ് ടീച്ചർ | Dictionary- 250 | 1 വർഷം | ഹെഡ്മിസ്ട്രസ്സ്<br>SRG |

## ഉപമേഖല : നാരായം

**ലക്ഷ്യം :** തെറ്റുതിരുത്തിയുള്ള എഴുത്തിനെ പ്രോത്സാഹിപ്പിക്കൽ

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. Picture Description<br>2. വാക്യങ്ങൾ Re-arrange ചെയ്ത് വാക്യങ്ങളാക്കൽ<br>3. ഡയറി എഴുതൽ<br>4. സംഭാഷണം എഴുതൽ<br>5. ലഘു നാടകം രചിക്കൽ<br>6. മാതൃഭാഷയിലെ വ്യവഹാര രൂപങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യൽ | ഇംഗ്ലീഷ് ടീച്ചർ | | 1 വർഷം | SRG മീറ്റിങ്ങിൽ അവലോകനം |

## ഉപമേഖല : എഴുത്തുപുര

**ലക്ഷ്യം :** ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി പ്രകടിപ്പിക്കൽ

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. അടിക്കുറിപ്പ് എഴുതൽ<br>2. ചിത്രങ്ങൾക്ക് ലഘുവിവരണം തയ്യാറാക്കൽ<br>3. കഥ, കവിത പൂർത്തിയാക്കൽ<br>4. സംഭാഷണം എഴുതൽ<br>5. കാർട്ടൂൺ സംഭാഷണം രചിക്കൽ | ഇംഗ്ലീഷ് ടീച്ചർ | ചാർട്ട് , ക്രയോൺ : 100 | 6 മാസം | HM |

## ഉപമേഖല : Honey English

**ലക്ഷ്യം :** ഇംഗ്ലീഷിനോടുള്ള ഭയം നീക്കി താത്പര്യം വർദ്ധിപ്പിക്കുക

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഭാഷാകേളികൾ<br>2. ആക്ഷൻ സോങ്ങ്സ്<br>3. ICT ( Videos & Songs)<br>4. റോൾ പ്ലേ<br>5. ഹായ് ഇംഗ്ലീഷ്<br>6. റിഡിൽസ്<br>7. കൊറിയോഗ്രാഫി<br>8. നാടകം/ സ്കിറ്റ് | ക്ലാസ്സ് ടീച്ചർ<br>SRG | വീഡിയോ ചാർട്ട് 100 | 1 വർഷം | SRG കൺവീനർ |

## ഉപമേഖല : I can

**ലക്ഷ്യം :** കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുക

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ക്യാമ്പ്<br>2. ഇംഗ്ലീഷ് തീയേറ്റർ<br>3. Specialdays സെലിബ്രേഷൻ<br>4. ഇംഗ്ലീഷ് വീക്ക് സെലിബ്രേഷൻ<br>5. തോഴന് കത്ത്<br>6. സ്വന്തം രചനകൾ അസംബ്ലിയിൽ അവതരിപ്പിക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG | ചാർട്ട് വീഡിയോ മറ്റ് ചിലവുകൾ : 300 | 1 വർഷം | HM<br>സീനിയർ അസിസ്റ്റന്റ് |

## ഉപമേഖല : Easy Speak

**ലക്ഷ്യം :** ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാൻ പ്രാവണ്യം നേടൽ

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ഇംഗ്ലീഷ് ഉപയോഗം പ്രോത്സാഹിപ്പിക്കൽ<br>2. സ്പോക്കൺ ഇംഗ്ലീഷ്<br>3. Other Faculty സഹായം തേടൽ(BRC trainers, Alumnus etc..) | ക്ലാസ്സ് ടീച്ചർ<br>SRG | | 1 വർഷം | സീനിയർ അസിസ്റ്റന്റ്<br>SRG |

## മേഖല : പരിസര പഠനം

### ആമുഖം

തന്റെ പരിസരത്തെക്കുറിച്ച് സമഗ്രവും ആധികാരികവുമായി പഠനം നടത്തുന്നതാണ് പരിസര പഠനം. തന്റെ ചുറ്റുപാടുമുള്ള വസ്തുക്കളെ നിരീക്ഷിച്ചും വർഗ്ഗീകരിച്ചും അപഗ്രഥിച്ചും വിവിധ പരീക്ഷണങ്ങൾ നടത്തിയും നിഗമനങ്ങൾ രൂപപ്പെടുത്തിയാണ് പ്രക്രിയാ ശേഷികളുടെ വികാസം പരിസര പഠനത്തിൽ സാധ്യമാകുന്നത്.

### ലക്ഷ്യം

- പ്രകൃതിയെ അറിയുക
- ശാസ്ത്രീയ ചിന്താഗതി, മനോഭാവം വളർത്തുക
- നിരന്തരമായി അന്വേഷണാത്മകത വളർത്തുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക
- അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ നിർത്തലാക്കൽ
- പരിസ്ഥിതി സൗഹൃദമനോഭാവം
- ദൈനംദിന ജീവിതത്തെ പഠനവുമായി ബന്ധപ്പെടുത്തുക.
- ശാസ്ത്ര പഠനം സാമൂഹിക നന്മക്കായി പ്രയോജനപ്പെടുത്തുക.
- പഠനോപകരണ നിർമ്മാണം

### പ്രവർത്തനങ്ങൾ

- ➢ പ്രകൃതി അറിയാം (ഫീൽഡ് ട്രിപ്പ്)
- ➢ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വം അറിയൽ
- ➢ സർവ്വേ
- ➢ ക്ലബ്ബ്
- ➢ അഭിമുഖങ്ങൾ
- ➢ ജൈവ വൈവിധ്യ പാർക്ക്
- ➢ സഹവാസ ക്യാമ്പ്
- ➢ ഡോക്യുമെന്ററി
- ➢ പഠനോപകരണ നിർമ്മിതി

## 1. ഉപമേഖല

### പ്രകൃതിയെ അറിയാം ഫീൽഡ് ട്രിപ്പ്

### ആമുഖം

പാഠപുസ്തകത്തിലെ പഠനാനുഭവങ്ങളിൽ നിന്നും അപ്പുറമായി കണ്ടും കേട്ടും തൊട്ടറിഞ്ഞും ആസ്വദിച്ചുമുള്ള പഠനാനുഭവങ്ങൾ നൽകുന്നവയാണ് ഫീൽഡ് ട്രിപ്പുകൾ

### ലക്ഷ്യം

നിരീക്ഷണപാടവം വളർത്തി വസ്തുതകളെ യുക്തി പൂർവ്വം അടുത്തറിയുന്നതിന് ഫീൽഡ് ട്രിപ്പുകൾ സഹായിക്കുന്നു.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. പാഠഭാഗങ്ങൾ SRG യിൽ ലിസ്റ്റ് ചെയ്യുന്നു.<br>2. പാഠഭാഗങ്ങൾക്കനുസരിച്ച് സന്ദർശനം നടത്തേണ്ട സ്ഥലവും പോകേണ്ട തീയ്യതിയും തീരുമാനിക്കുന്നു.<br>3. സന്ദർശിക്കേണ്ട സ്ഥലങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കാൻ ചോദ്യാവലി കുട്ടികളെ കൊണ്ട് തയ്യാറാക്കുന്നു.<br>4. ഫീൽഡ് ട്രിപ്പ് നടത്തപ്പെടുന്നസ്ഥലത്തെ അധികാരികളുടെ സമ്മതം ലഭിക്കുന്നതിന് കുട്ടികളെകൊണ്ട് അപേക്ഷ പത്രം എഴുതിക്കുന്നു.<br>5. ഫീൽഡ് ട്രിപ്പിന്റെ വിവരങ്ങൾ PTA യിൽ ചർച്ച ചെയ്യുന്നു. | PTA, SRG | വാഹനം : 2000<br>ഭക്ഷണം : 1000<br>മറ്റുള്ളവ : 500 | 1വർഷം | ക്ലാസ്സ് ടീച്ചർ ഹെഡ്മിസ്ട്രിസ്സ്, പി.റ്റി.എ പ്രതിനിധി |

## 2.ഉപമേഖല

### നിരീക്ഷണ പരീക്ഷണത്തിലൂടെ ശാസ്ത്ര തത്വം അറിയൽ

### ആമുഖം

നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തന്റെ ചുറ്റുപാടുമുള്ള പ്രകൃതിയെ അറിയാനും ശാസ്ത്രീയ ബോധവും മാനവീകതയും പരിപോഷിപ്പിക്കുവാനും നിരീക്ഷണ പരീക്ഷണങ്ങൾ സഹായിക്കുന്നു.

### ലക്ഷ്യം

ക്ലാസ്സ് മുറിയിൽ നിന്നും ലഭിച്ച അറിവുകളുടെ തെളിമയാർന്ന വികാസം നിരീക്ഷണ പരീക്ഷണങ്ങളിലൂടെ സാധ്യമാകുന്നു. ആശയവ്യക്തതയും ശരിയായ നിഗമന ചിന്താഗതിയും വളരുന്നു.

| പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | ധനകാര്യ വിശക ലനം | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഓരോപാഠഭാഗവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾ SRG യിൽ ലിസ്റ്റ് ചെയ്യുന്നു<br>2. ആവശ്യമായ സാമഗ്രികൾ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ലിസ്റ്റ്ചെയ്ത് ശേഖരിക്കുന്നു.<br>3. ലഘുപരീക്ഷണ മത്സരങ്ങൾ (പാഠഭാഗവുമായി ബന്ധപ്പെട്ടത്.) ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുന്നു.<br>4. ലഘുശാസ്ത്ര നിർമ്മിതിയുടെ മത്സരങ്ങൾ((പാഠഭാഗവുമായി ബന്ധപ്പെട്ടത്.) ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു.<br>5. നിരീക്ഷണകുറിപ്പ് മത്സരം മികച്ചവക്ക് സമ്മാനം ചെയ്തതോ/ കണ്ടതോ ആയ പരീക്ഷണങ്ങളുടെ നിരീക്ഷണകുറിപ്പുകൾ എഴുതി അവതരിപ്പിക്കൽ | ക്ലാസ്സ് ടീച്ചർ | സാമഗ്രികൾ 1000 | 1 വർഷം | ക്ലാസ്സ് ടീച്ചർ, ഹെഡ് മിസ്ട്രിസ്സ് |

## 3. ഉപമേഖല

### സർവ്വേ

**ആമുഖം**

വിവിധ വിഷയങ്ങളിൽ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി വിവര ശേഖരണം നടത്തൽ

**ലക്ഷ്യം**

സാമൂഹിക പ്രശ്നങ്ങളെ ആടുത്തറിഞ്ഞ് പ്രശ്നാപഗ്രഥന രീതികൾ രൂപീകരിക്കുന്നതിന്.

## മേഖല :

# കലാ, കായികം, പ്രവൃത്തി പരിചയം

### ആമുഖം

കുട്ടികൾ വ്യത്യസ്ത കഴിവും അഭിരുചിയും ഉള്ളവരാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസമാണ് ലക്ഷ്യം വയ്ക്കുന്നത്. സർഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും കലാകായിക പ്രവൃത്തി പരിചയ പഠനത്തിലൂടെ സാധ്യമാകുന്നു.

### ലക്ഷ്യങ്ങൾ

- കലാപരമായ കഴിവുകൾ വികസിപ്പിക്കുക.
- എല്ലാ കുട്ടികളെയും കായികക്ഷമതയുള്ളവരാക്കുക.
- തൊഴിൽ സന്നദ്ധത വളർത്തുക.
- സന്തുലിത വ്യക്തിത്വ വികസനം നേടുക.
- ടാലന്റ് ലാബ് എന്ന ആശയം സാക്ഷാത്കരിക്കുക.

### പ്രവർത്തനങ്ങൾ

- കലാക്യാമ്പുകൾ സംഘടിപ്പിക്കൽ
- കരകൗശല നിർമ്മാണ ശിൽപ്പശാല, പ്രദർശനം
- പ്രവൃത്തി പരിചയ ശിൽപ്പശാല, നിർമ്മാണ വസ്തുക്കളുടെ വിപണനം.
- നാടൻകളി പരിശീലനം
- നാടൻപാട്ട്, കളരി
- വാദ്യോപകരണ പരിശീലനം
- അഭിനയ ശിൽപശാല
- കോറിഡോർ ആർട്ട് ഗാലറി
- കായിക പരിശീലനം
- ദിനാചരണം
- മാസ്ഡ്രിൽ, യോഗ പരിശിലനം

## 1. ഉപമേഖല

### • കലാക്യാമ്പുകൾ സംഘടിപ്പിക്കൽ

- **ആമുഖം**

  കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ കലാക്യാമ്പുകളിലൂടെ കഴിയണം.

- **ലക്ഷ്യങ്ങൾ**
  - പ്രത്യേക കലാപരിശീലനം നൽകേണ്ട കുട്ടികളെ കണ്ടെത്തൽ
  - കുട്ടികളുടെ സർഗ്ഗ ശേഷി വികാസത്തിന് വേദിയൊരുക്കൽ

- **പ്രവർത്തനങ്ങൾ**
  - SRG യിൽ ചർച്ചചെയ്ത് കലാക്യാമ്പിൽ പങ്കെടുപ്പിക്കേണ്ട വിദഗ്ധരെ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. ക്യാമ്പ് മൊഡ്യൂൾ തയ്യാറാക്കുന്നു.
  - ക്യാമ്പ് മൊഡ്യൂൾ പി.റ്റി. എ യിൽ അവതരിപ്പിച്ച് ക്യാമ്പ് നടത്താനുള്ള തീയ്യതി കണ്ടെത്തുക.

- കുട്ടികൾക്ക് സംഗീതം, അഭിനയം, നൃത്തം, കലകൾ തുടങ്ങിയവയിൽ പരിശീലനം നൽകിക്കൊണ്ട് ക്യാമ്പ് നടത്തുന്നു.
- കുട്ടികൾ പരിശീലിച്ചവ അവതരിപ്പിക്കുന്നു.

## നിർവ്വഹണ സമിതി

കലാ അധ്യാപകർ, വിദ്യാരംഗം കൺവീനർ

## ധനകാര്യ വിശകലനം

| | |
|---|---|
| വിദഗ്ധർക്ക് നൽകുന്ന വേതനം | : 2000 |
| ക്യാമ്പ് ചിലവ് | : 2500 |
| ആകെ | : 4500 |

## കാലയളവ്

ഓരോ ടേമിലും ഓരോന്ന്

## മോണിറ്ററിംങ്ങ്

H.M, PTA.

## 2. ഉപമേഖല

## കരകൗശല നിർമ്മാണ ശില്പശാല, പ്രദർശനം

## ആമുഖം

കരകൗശല നിർമ്മാണത്തിനായി പരിശീലനം നൽകുകയാണ് ശില്പശാലയിൽ ചെയ്യുന്നത്. മാനവശേഷി വികാസം നേടുന്നതിനും ഉത്പാദന രംഗത്തെ മികവ് തെളിയിക്കുന്നതിനും ശിൽപശാല സഹായകരമാകുന്നു.

## ലക്ഷ്യം

നിർമ്മാണ പ്രവൃത്തിയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യൽ

## പ്രവർത്തനങ്ങൾ

- ശിൽപശാല നയിക്കാനുള്ള പ്രാദേശിക വിദഗ്ധനെ കണ്ടെത്തുക.
- കുട്ടികളെ തെരഞ്ഞെടുക്കുക. (കലാ അധ്യാപകരുടെ നേതൃത്വത്തിൽ)
- ശിൽപശാല നടത്തുന്നു. ശിൽപ നിർമ്മാണത്തിൽ ഏർപ്പെടുന്നു.
- ശിൽപ്പങ്ങൾ പ്രദർശനം ചെയ്യുന്നു.

## നിർവ്വഹണ സമിതി

Art tr,P.T.A

## ധനകാര്യ വിശകലനം

| | |
|---|---|
| വിദഗ്ധന് നൽകേണ്ടത് | : 2000 |
| ശിൽപ്പ നിർമ്മാണത്തിന് | : 1000 |
| പ്രദർശനത്തിന് | : 1000 |
| ആകെ | : 4000 |

## കാലയളവ്

വർഷത്തിൽ ഒന്ന്

## മോണിറ്ററിംങ്ങ്

H.M, PTA.പഞ്ചായത്ത്

3. ഉപമേഖല

പ്രവൃത്തി പരിചയ ശിൽപശാല, നിർമ്മാണ വസ്തുക്കളുടെ വിപണനം

ആമുഖം

ഉപയോഗ യോഗ്യമായ ഉത്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും നിർമ്മാണവുമാണ് ശിൽപ്പശാലകൊണ്ട് ഉദ്ദേശിക്കുന്നത്.

ലക്ഷ്യം

- ഉപയോഗപ്രദവും ഉത്പാദനക്ഷമവുമായ പ്രവൃത്തിയിൽ ഏർപ്പെടാൻ കുട്ടികൾക്ക് അവസരമൊരുങ്ങുന്നു.

പ്രവർത്തനങ്ങൾ

- SRG യിൽ ശിൽപ്പശാലയെപ്പറ്റി ചിന്തിക്കുകയും ശിൽപശാല ചുമതല W.E ടീച്ചറെ ഏൽപ്പിക്കുകയും ചെയ്യുന്നു.
- ക്യാമ്പിൽ പരിശീലിപ്പിക്കേണ്ടവയുടെ ലിസ്റ്റ് തയ്യാറാക്കുന്നു.( പാഴ്വസ്തുക്കൾകൊണ്ടുള്ള ഉത്പ്പന്നങ്ങൾ, ലഘു ഭക്ഷണ സാധനങ്ങൾ, ശീതള പാനിയങ്ങൾ, സോപ്പ്, ജൈവ കീടനാശിനി, അണുനാശിനി തുടങ്ങിയവ)
- കുട്ടികളെ പരിശീലിപ്പിച്ച് നിർമ്മാണത്തിൽ ഏർപ്പെടുത്തുന്നു. ഉത്പ്പന്നങ്ങൾ വിലയെഴുതി വിൽപ്പനക്കു തയ്യാറാക്കുന്നു.
- വിപണനം നടത്തുന്നു.

നിർവ്വഹണ സമിതി

WE Tr,P.T.A

ധനകാര്യ വിശകലനം

പ്രവൃത്തി പരിചയ ശിൽപ്പശാലയിൽ ഉൽപ്പന്ന സാമഗ്രികൾ വാങ്ങുന്നതിന് : 3000

കാലയളവ്

വർഷത്തിൽ ഒന്ന്

മോണിറ്ററിംങ്ങ്

H.M, പഞ്ചായത്ത്, BRC

4. ഉപമേഖല

നാടൻകളി പരിശീലനം

ആമുഖം

നാടൻകളികളെ കുറിച്ച് അറിവ് നേടാനും കളിനിയമങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിനും നാടൻ കളി പരിശീലനം പ്രയോജനകരമാകുന്നു.

ലക്ഷ്യം

- വിനോദത്തിലൂടെ കളിനിയമങ്ങളെ മനസ്സിലാക്കുന്നു.
- നാടൻകളികളെ കുറിച്ച് മനസ്സിലാക്കുന്നു.

### പ്രവർത്തനങ്ങൾ

- നാടൻകളി രീതികളെ കുറിച്ച് അറിയുന്നവരെ കണ്ടെത്തി കളിപരിശീലനത്തിനായി ക്ഷണിക്കുന്നു.
- എല്ലാം കുട്ടികളെയും വിവിധ ഗ്രൂപ്പുകളാക്കി കളിപരിശീലനം നൽകുന്നു.
- കളികളിലേർപ്പെടുകയും കളിനിയമങ്ങൾ പഠിക്കുകയും ചെയ്യുന്നു.
- മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

### നിർവ്വഹണ സമിതി

കായികാധ്യാപകൻ, P.T.A

### ധനകാര്യ വിശകലനം

### കാലയളവ്

ഓണക്കാലത്ത്

### മോണിറ്ററിംങ്ങ്

H.M, PTA.പഞ്ചായത്ത്

## 5. ഉപമേഖല

### നാടൻപാട്ട്, കളരി

### ആമുഖം

നാടൻപാട്ടുകളെ കുറിച്ച് അറിയുന്നതിനും നാടൻപാട്ടുകളുടെ പഠനത്തിന് പ്രേരിപ്പിക്കുന്നതിനും നാടൻപാട്ട് ശേഖരത്തിനും വഴിയൊരുക്കുന്നു.

### ലക്ഷ്യം

നാടൻ പാട്ട് കലാശാഖയെ കുറിച്ച് അറിയുന്നതിനും, പ്രത്യേകതകൾ, സവിശേഷതകൾ എന്നിവ പഠിക്കുന്നതിനും

### പ്രവർത്തനങ്ങൾ

- SRGയിൽ നാടൻപാട്ട് കളരി നടത്തേണ്ടതിനെകുറിച്ചാലോചിച്ച് തീയ്യതി കണ്ടെത്തുന്നു.
- നാടൻപാട്ട് കലാ സംഘത്തെ ക്ഷണിക്കുന്നു.
- കുട്ടികളെ കഴിവിനനുസരിച്ച് കണ്ടെത്തി നാടൻപാട്ട് പരിശീലിപ്പിക്കുകയും പൊതുവേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- വിവിധ നാടൻ പാട്ടുകൾ കണ്ടെത്തി ഈണമിട്ട് പാടുന്നു.(തുടർ പ്രവർത്തനം)

### നിർവ്വഹണ ചുമതല

Art tr,P.T.A

### ധനകാര്യ വിശകലനം

പഠനാവശ്യത്തിന് : 500

### കാലയളവ്

വർഷത്തിൽ ഒന്ന്

മോണിറ്ററിംങ്ങ്

H.M, PTA.പഞ്ചായത്ത

6. ഉപമേഖല

വാദ്യോപകരണ പരിശീലനം

ആമുഖം

കുട്ടിയുടെ സർവ്വോന്മുഖമായ കഴിവുകളെകണ്ടെത്തി വികസിപ്പിക്കുകയാണ് കലാ വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്. ഉപകരണ സംഗീതത്തെ കുട്ടികൾക്ക് പരിചിതമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

ലക്ഷ്യം

- വാദ്യോപകരണങ്ങളെ കുറിച്ച് അറിയുന്നതിനും പഠിക്കുന്നതിനും

പ്രവർത്തനങ്ങൾ

- പി. റ്റി. എ യുമായി ചേർന്നാലോചിച്ച് ഏതൊക്കെ വാദ്യോപകരണങ്ങളിൽ പരിശീലനം നടത്താമെന്ന് ചിന്തിക്കുന്നു.
- പി. റ്റി. എ യിൽ തീരുമാനിച്ചവയിൽ വിദഗ്ധരായവരെ കണ്ടെത്തി ക്ലാസ്സ് നടത്താനുള്ള സമയം കണ്ടെത്തുന്നു.
- താൽപ്പര്യമുള്ളവരെ കണ്ടെത്തി പരിശീലിപ്പിക്കുന്നു.
- പരിശീലനം നേടിയവരെ കലാമേളകളിലും മറ്റും പങ്കെടുപ്പിക്കുന്നു.

നിർവ്വാഹണ സമിതി

P.T.A, Class tr

ധനകാര്യ വിശകലനം

പഠനാവശ്യത്തിന് : 2000

കാലയളവ്

ഒരു വർഷം

മോണിറ്ററിംങ്ങ്

PTA

7. ഉപമേഖല

അഭിനയ ശിൽപശാല

ആമുഖം

പാഠഭാഗങ്ങളിലെ അഭിനയ സന്ദർഭങ്ങൾ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിന്. അഭിനയ ശേഷി വളർത്തുന്നതിന്

ലക്ഷ്യം

അഭിനയ ശേഷി വളർത്തുന്നതിനും, കലാപരമായ മികവിനും വേണ്ടി

പ്രവർത്തനങ്ങൾ

- ശിൽപ്പശാല കണ്ടെത്താനുള്ള വിദഗ്ധരെ കണ്ടെത്തുന്നു.
- വിദഗ്ധരുടെ സഹായത്തോടെ വിവിധങ്ങളായ ഘട്ടങ്ങളിലുടെ അഭിനയ കലയിൽ എത്തുന്നു.
- മികച്ച അഭിനേതാക്കളെ കണ്ടെത്തി പരിശീലനം മികച്ചരീതിയിൽ (തുടർപഠനം) നടത്തുന്നു.
- കുട്ടികൾ സ്വന്തമായ് തിരക്കഥകൾക്കനുസരിച്ച് നാടകം, ദൃശ്യാവിഷ്ക്കാരം, തെരുവു നാടകം, സ്കിറ്റ് തുടങ്ങിയവ പൊതുവേദികളിൽ അവതരിപ്പിക്കുന്നു.

# മേഖല

## സാമൂഹ്യ പങ്കാളിത്തം.

- **ആമുഖം**

പൊതുവിദ്യാലയത്തെ സംരക്ഷിച്ച് മികവിലേക്ക് ഉയർത്താനായി സമൂഹത്തിന്റെ പങ്ക് അനിവാര്യമാണ്. പൊതു സമൂഹത്തെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് വിദ്യാലയത്തിന്റെ ലക്ഷ്യമാണ്. ഇതിനായി സമൂഹ പങ്കാളിത്തത്തോടുകൂടിയുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തേണ്ടതുണ്ട്. ഇതിലൂടെ വിദ്യാലയത്തിന്റെ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നു.

- **ലക്ഷ്യം**
  - സമൂഹത്തെ വിദ്യാലയവുമായി അടുപ്പിക്കുക.
  - വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ സമൂഹത്തിന് പ്രയോജനമാകും വിധം രുപപ്പെടുത്തുക.
- **പ്രവർത്തനങ്ങൾ**
  - ഹരിത വിദ്യാലയം
  - പ്രാദേശീക പി. റ്റി. എ
  - ഗൃഹസമ്പർക്കം
  - വാർഷികം
  - അമ്മക്കുട്ടം
  - വിപണന മേള

## 1. ഉപമേഖല

### ഹരിത വിദ്യാലയം

**ആമുഖം**

വിദ്യാലയത്തെ ഹരിതാഭമാക്കുക എന്നതാണ് ഹരിത വിദ്യാലയം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ലക്ഷ്യം**

- ➢ വിദ്യാലയത്തെ ജൈവ വൈവിധ്യ കലവറയാക്കുക.
- ➢ വിവിധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

- ➢ P.T.A, കുടുംബശ്രീ, വിവിധ സംഘടനകൾ, ക്ലബ്ബുകൾ യോഗം ചേരുന്നു.
- ➢ വിദ്യാലയത്തെ ഹരിതാഭമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
- ➢ ചുമതലകൾ വിതരണം ചെയ്ത് സമയം തീരുമാനിക്കുന്നു.

- സ്കൂൾ പരിസരം വൃത്തിയാക്കുന്നു.
- പ്രവർത്തന ഫണ്ടിനു വേണ്ടി സ്പോൺസർമാരെ കണ്ടെത്തുന്നു.
- ജൈവ വൈവിധ്യ പാർക്ക് തയ്യാറാക്കുന്നു.
- വിശിഷ്ട വ്യക്തികളെ ക്ഷണിച്ച് ഉദ്ഘാടനം ചെയ്യുന്നു.

**നിർവ്വഹണ സമിതി**

P.T.A, SRG

**ധനകാര്യ വിശകലനം**

ജൈവവൈവിധ്യ പാർക്കിനായി - 3500

**കാലയളവ്**

2 വർഷം

**മോണിറ്ററിംങ്ങ്**

പഞ്ചായത്ത്

## 2. ഉപമേഖല

### പ്രാദേശീക പി. റ്റി. എ

**ആമുഖം**

പൊതുവേദികളിൽ കുട്ടികളുടെ സർഗ്ഗ രചനകൾ അവതരിപ്പിക്കുന്നതിനായി പൊതുവേദി കണ്ടെത്തുകയും പൊതുജനങ്ങളെ പങ്കാളികളാക്കുകയും ചെയ്യുകയാണ് ഇതിലൂടെ.

**ലക്ഷ്യം**

- പൊതു ജനങ്ങൾക്ക് വിദ്യാലയ പ്രവർത്തനങ്ങളെ അനുഭവ വേദ്യമാക്കുക.
- കുട്ടികളുടെ സഭാകമ്പം അകറ്റുക.

**പ്രവർത്തനങ്ങൾ**

1) PTA യിൽ പ്രാദേശിക PTA യുടെ സാധ്യതകളെ കുറിച്ച് ചർച്ചചെയ്യുന്നു.
2) ഓരോ മാസവും പ്രാദേശിക PTA നടത്തേണ്ട സ്ഥലങ്ങൾ തീരുമാനിക്കുന്നു.
3) വിവിധ കുടുംബശ്രീ യൂണിറ്റുകളെ അിറയിച്ച് വേദി കണ്ടെത്തുന്നു.
4) പ്രാദേശിക PTA യോഗം മോണിറ്ററിംങ്ങ് ചെയ്യുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.
5) ഉദ്ഘാടനത്തിനായി പഞ്ചായത്ത് പ്രതിനിധികളെ ക്ഷണിക്കുന്നു.

**നിർവ്വഹണ സമിതി**

SRG

**ധനകാര്യ വിശകലനം**

പ്രാദേശിക പി.റ്റി. എ നടത്താൻ - 3000

**കാലയളവ്**

മാസത്തിൽ ഓരോന്ന്

**മോണിറ്ററിംങ്ങ്**

HM, PTA

## 3. ഉപമേഖല

### അടുത്തറിയാൻ അരികിലുണ്ട് (ഗൃഹ സമ്പർക്കം)

**ആമുഖം**

എല്ലാ മാസവും വിദ്യാർത്ഥികളുടെ വീട് സന്ദർശിച്ച് സൗഹൃദാന്തരീക്ഷം ഉണ്ടാക്കാൻ ഗൃഹ സമ്പർക്ക പരിപാടി പ്രയോജനപ്പെടുന്നു.

**ലക്ഷ്യം**

- വിദ്യാർത്ഥികളുടെ പഠനാന്തരീക്ഷം അറിയാൻ കഴിയുന്നു.
- രക്ഷിതാക്കളുമായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നു.
- പഠന പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

- SRG യിൽ വാർഡ് തിരിച്ചുള്ള ഗൃഹസമ്പർക്കം ചർച്ചചെയ്യുന്നു.
- ഓരോ മാസവും ഗൃഹസമ്പർക്കത്തിനുള്ള തീയ്യതിയും സ്ഥലവും തീരുമാനിക്കുന്നു.
- ഗൃഹസമ്പർക്കം നടത്തുന്നു.
- കുട്ടിയെക്കുറിച്ചുള്ള മാതാപിതാക്കളുടെ അഭിപ്രായം തേടുന്നു.

**നിർവ്വഹണ സമിതി**

SRG

**ധനകാര്യ വിശകലനം**

ചിലവിലേക്ക് - 500

**കാലയളവ്**

എല്ലാവർഷവും

**മോണിറ്ററിംങ്ങ്**

PTA. പഞ്ചായത്ത്

## 4. ഉപമേഖല

### അമ്മക്കൂട്ടം (അമ്മ വായന)

**ആമുഖം**

അമ്മമാർക്ക് വിവിധ വിഷയങ്ങളുമായി ചർച്ച ചെയ്യാനും അറിവുകൾക്ക് പങ്കുവെക്കാനും അവസരമൊരുക്കുകയാണ് അമ്മക്കൂട്ടം.

**ലക്ഷ്യം**

- അമ്മമാരുടെ കൂട്ടായ്മ രൂപീകരിക്കൽ
- വിദ്യാലയ പ്രവർത്തനങ്ങളിൽ അമ്മമാർക്ക് ഇടപെടാൻ അവസരം നൽകുക.

**പ്രവർത്തനങ്ങൾ**

- അമ്മമാർക്ക് മാത്രമായി നടത്തുന്ന പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു.